"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ അക്കാഡമിക് എക്സലൻസ് എന്ന പദ്ധതി- അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1866/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/09/2021

---

പരാമർശം:-
1. ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.07.2021-ലെ കത്തും ഇടുക്കി ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 10.06.2021ലെ 1(3)-ാംം നമ്പർ തീരുമാനവും.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.07.2021-ലെ 4.52 നമ്പർ തീരുമാനവും.

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ +2 തലത്തിൽ പഠിക്കുന്ന കുട്ടികളിൽ ഓരോ സ്കൂളിൽ നിന്നും പതിനഞ്ചോളം വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഇവർക്ക് സിവിൽ സർവ്വീസ്, ഐ.ഐ.റ്റി., എൻ.ഐ.റ്റി., ഐ.ഐ.എം തുടങ്ങിയ കോഴ്സുകൾക്ക് യോഗ്യരാക്കുംവിധം മികച്ച അധ്യാപകരുടെ സേവനം ഉറപ്പുവരുത്തി താലൂക്കടിസ്ഥാനത്തിൽ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്ന പ്രോജക്റ്റിന് അനുമതി നൽകുന്നതിന് ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.07.2021 ൽ കൂടിയ യോഗം ഇക്കാര്യം പരിശോധിച്ചു. ടി കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ +2 തലത്തിൽ പഠിക്കുന്ന കുട്ടികളിൽ ഓരോ സ്കൂളിൽ നിന്നും പതിനഞ്ചോളം വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഇവർക്ക് സിവിൽ സർവ്വീസ്, ഐ.ഐ.റ്റി., എൻ.ഐ.റ്റി., ഐ.ഐ.എം തുടങ്ങിയ കോഴ്സുകൾക്ക് യോഗ്യരാക്കുവിധം പരിശീലനം നൽകാൻ ഉദ്ദേശിക്കുന്ന അക്കാഡമിക് എക്സലൻസ് എന്ന പ്രോജക്റ്റിന് അനുമതി നൽകി ഉത്തരവാകുന്നു. എന്നാൽ താലൂക്കടിസ്ഥാനത്തിൽ അദ്ധ്യാപകരെ ഉപയോഗിച്ച് പരിശീലനം നടത്തുന്നതിന് പകരം ഈ മേഖലയിലെ പ്രൊഫഷണൽ സ്ഥാപനങ്ങളുടെ സേവനം ഉപയോഗിക്കുന്നതിന്റെ സാധ്യത പരിഗണിച്ച് വേണം പ്രോജക്റ്റ് നടപ്പാക്കാൻ എന്ന് കൂടി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

ജില്ലാ പ്ലാനിംഗ് ഓഫീസർ, ഇടുക്കി ജില്ല

പ്രസിഡന്റ്/ സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, ഇടുക്കി

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി, വെബ്&ന്യൂ മീഡിയ വിംഗ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Reenamma P A
Date: 29-09-2021 16:08:10
Reason: Approved

സെക്ഷൻ ഓഫീസർ